# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.185 08/03/2017-ൽ മറുപടിക്ക്

## കായംകുളം താപവൈദ്യുത നിലയം

| | ചോദ്യം<br>**ശ്രീ.കെ.എം.ഷാജി**<br>**,, പി.ബി. അബ്ദുൽ റസ്സാക്ക്**<br>**,, ടി. വി. ഇബ്രാഹിം** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കായംകുളം താപവൈദ്യുത നിലയത്തിൽ നിന്നുള്ള വൈദ്യുതിയുടെ കാര്യത്തിൽ എൻ.ടി.പി.സി.യുമായുള്ള കരാർ സംസ്ഥാനത്തിന് അനാവശ്യ ബാദ്ധ്യത ഉണ്ടാക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഫിക്സഡ് ചാർജ്ജ് ഇനത്തിൽ സാമ്പത്തിക ബാധ്യത ഉണ്ട്. |
| (ബി) | എങ്കിൽ അത് സംബന്ധിച്ച വസ്തുതകൾ വെളിപ്പെടുത്തുമോ; | (ബി) | കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.റ്റി.പി.സി.-യുടെ ഉടമസ്ഥതയിലുള്ള 359.58 മെഗാവാട്ട് ശേഷിയുള്ള കായംകുളം താപ വൈദ്യുത നിലയം കേരളത്തിന് മാത്രം സമർപ്പിതമായി നിർമ്മിച്ചിട്ടുള്ള വൈദ്യുതി നിലയമാണ്. കെ.എസ്.ഇ.ബി.യും , എൻ.റ്റി.പി.സി.യും തമ്മിൽ 5 വർഷം കാലാവധിയുള്ള ഒരു കരാർ 06.01.1995-ൽ ഒപ്പു വയ്ക്കുകയും തുടർന്ന് പലപ്പോഴായി പ്രസ്തുത ഉടമ്പടി ചില വ്യവസ്ഥകൾക്ക് വിധേയമായി 28.02.2025-വരെ ദീർഘിപ്പിച്ചിട്ടുള്ളതുമാണ്. രണ്ടായിരാമാണ്ടിൽ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ച ഈ നിലയത്തിൽ നാഫ്ത എന്ന ഇന്ധനം ആണ് ഉപയോഗിക്കുന്നത്. നാഫ്തയുടെ വില ഇപ്പോൾ വളരെ കൂടുതലായതിനാൽ ഇവിടെ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക് 7 രൂപയ്ക്ക് മുകളിലാണ്. |

(...2)

| | | | |
|---|---|---|---|
| | | | ഈ നിലയത്തിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ വില ഫിക്സഡ് ചാർജ്, വേരിയബിൾ ചാർജ്, എന്നീ രണ്ട് ഘടകങ്ങൾ ചേർന്നതാണ്. കരാർ പ്രകാരം വൈദ്യുതി വാങ്ങുന്നില്ലെങ്കിൽകൂടി ഫിക്സഡ് ചാർജ് നൽകാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ബാധ്യസ്ഥരാണ്. ഈ നിലയത്തിൽ നിന്നുള്ള വൈദ്യുതിയുടെ വില നിശ്ചയിക്കുന്നതിന് അധികാരപ്പെട്ട സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 27.10.2016-ലെ ഓർഡർ പ്രകാരം പ്രതിവർഷം ഫിക്സഡ് ചാർജ് ശരാശരി 299 കോടി രൂപയായി നിശ്ചയിച്ചിട്ടുണ്ട്.<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഫിക്സഡ് ചാർജിൽ ഗണ്യമായ ഇളവ് വരുത്തുന്നതിന് എൻ.റ്റി.പി.സി.-യോടും കേന്ദ്ര ഗവൺമെന്റിനോടും ആവശ്യപ്പെട്ടിരിക്കുകയാണ്.<br>ഇപ്പോൾ സംസ്ഥാനത്തിന് പുറത്ത് നിന്നും കുറഞ്ഞ വിലയ്ക്ക് വൈദ്യുതി ലഭിക്കുന്ന സാഹചര്യത്തിൽ ടി നിലയത്തിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്നില്ല.<br>ആയതിനാൽ കായംകുളം താപവൈദ്യുത നിലയത്തിൽ നിന്നുള്ള വൈദ്യുതിയുടെ കാര്യത്തിൽ എൻ.റ്റി.പി.സി.-യുമായുള്ള കരാറിൻ പ്രകാരം ടി നിലയത്തിൽ നിന്നും വൈദ്യുതി വാങ്ങിയില്ലെങ്കിൽ കൂടി കൊടുക്കേണ്ടി വരുന്ന ഫിക്സഡ് ചാർജ് കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഒഴിച്ചുകൂടാനാകാത്ത ബാധ്യത ഉണ്ടാക്കുന്ന കാര്യമാണ്. |
| (സി) | കായംകുളം നിലയം എൽ.എൻ.ജി. യിലേക്ക് മാറ്റുന്ന കാര്യത്തിൽ | (സി) | കായംകുളം നിലയം എൽ.എൻ.ജി. |

(...3)

| | | | |
|---|---|---|---|
| | എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ? | | യിലേക്ക് മാറ്റുന്ന കാര്യം പരിഗണനയിലുണ്ട്. എൻ.റ്റി.പി.സി. ആവശ്യപ്പെട്ടതു പ്രകാരം നിലവിലുള്ള 360 മെഗാവാട്ട് നാഫ്ത അധിഷ്ഠിത താപനിലയം പ്രകൃതി വാതകത്തിലേയ്ക്ക് മാറ്റുന്നതിന് കെ.എസ്.ഇ.ബി. 12.08.2008-ലെ ഉത്തരവ് വഴി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനെത്തുടർന്ന് എൻ.റ്റി.പി.സി. ഇന്ധന മാറ്റത്തിന് വേണ്ടതായ നടപടികൾ തുടങ്ങിയതായി അറിയുന്നു. എന്നാൽ പദ്ധതി പ്രവർത്തിപ്പിക്കുന്നതിനുവേണ്ട പ്രകൃതി വാതകം കായംകുളത്ത് എത്തിക്കുന്നതിനു വേണ്ട നടപടികളിൽ പുരോഗതി ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ